
കേരള സർക്കാർ

പുരാവസ്തു
പുരാരേഖ
മ്യൂസിയം വകുപ്പ്

വിഷൻ
2031





# വിഷൻ 2031 സെമിനാർ

# റിപ്പോർട്ടും അന്തിമ രേഖയും

# വിഷൻ 2031
# സെമിനാർ

# റിപ്പോർട്ടും
# അന്തിമ രേഖയും

# വിഷൻ 2031
# സെമിനാർ
# റിപ്പോർട്ടും അന്തിമ രേഖയും

ആമുഖം:

ആധുനിക കേരളത്തെ രൂപപ്പെടുത്തുന്നതിൽ ജനകീയമായ ഇടപെടലുകൾക്കും സമൂഹത്തിന്റെ ഭാവിയെ മുൻനിർത്തിയുള്ള ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണത്തിനും നിർണ്ണായക മായ പങ്കുണ്ട്. ഒരു ദേശത്തിന്റെ ആസൂത്രണം സാധാരണയായി വിഭാവനം ചെയ്യപ്പെടുന്നത് ആ ദേശത്തെ വിഭവോല്പാദനത്തെയും വിതരണ വിനിമയങ്ങളെയും അടിസ്ഥാനമാക്കിയാണ്. ഇത്തരത്തി ലായിരിക്കുമ്പോഴും കേരളത്തിന്റെ ആസൂത്രണം സാമൂഹിക സമത്വ ത്തിനും സേവനമേഖലയുടെ വികാസത്തിനും ഊന്നൽ നൽകിയി രുന്നു എന്നതുകൊണ്ടാണ് മറ്റു ദേശങ്ങളിൽനിന്നു വ്യത്യസ്തമായി സാമൂഹിക ജീവിതഗുണത കൈവരിക്കാൻ കേരളത്തിനു സാധി ച്ചത്. സാമ്പത്തികാസൂത്രണം എന്നതിൽക്കവിഞ്ഞ് ചിന്തയുടെയും ആശയരൂപീകരണത്തിന്റെയും ആവിഷ്കാരങ്ങളുടെയും മേഖലക ളുൾക്കൊള്ളുന്ന സാംസ്കാരികാസൂത്രണം കൂടി നിർവ്വഹിക്കപ്പെട്ടു എന്നതാണ് കേരളീയാസൂത്രണത്തിന്റെ എടുത്തുപറയേണ്ട മറ്റൊരു സവിശേഷത. ചരിത്രം, സംസ്കാരം, പൈതൃകം തുടങ്ങിയ മേഖല കൾ കൈകാര്യം ചെയ്യുന്ന പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പു കൾ രൂപപ്പെട്ടതും വളർന്നതും ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തി ലാണ്. ഭൂതകാലത്തെക്കുറിച്ചുള്ള അറിവുകൾ ഭാവിയെ കരുപ്പിടിപ്പി ക്കുന്നതിന് ശാസ്ത്രീയമായും ജനാധിപത്യപരമായും വിനിയോഗി ക്കുക എന്ന ധർമ്മമാണ് ഈ വകുപ്പുകൾ നിർവ്വഹിച്ചുവന്നത്. എന്നാൽ സമൂഹത്തെ ഭിന്നിപ്പിക്കുന്നതിനും പിന്നോട്ട് നയിക്കുന്നതി നുമുള്ള ഉപകരണങ്ങളായി ചരിത്രവും പൈതൃകവും ബോധപൂർവ്വം

ഉപയോഗിക്കപ്പെടുന്ന സന്ദർഭത്തിൽ സൂക്ഷ്മതയോടെയും ജാഗ്രത യോടെയും ഈ മേഖലയിലെ ഭാവികാഴ്ചപ്പാടുകൾ രൂപപ്പെടുത്തേ ണ്ടത് അനിവാര്യമാണ്. ആ നിലയിൽ, കേരള സംസ്ഥാനം രൂപീകരി ച്ചിട്ട് 2031 ൽ 75 വർഷം പൂർത്തിയാകുന്ന സാഹചര്യത്തിൽ പുരാ വസ്തു പുരാരേഖ മ്യൂസിയം വകുപ്പുകൾ ആർജ്ജിച്ച നേട്ടങ്ങൾ വില യിരുത്തി ഭാവി വികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുക എന്നത് പ്രസക്തമാണ്.

### വിഷൻ 2031 സെമിനാർ - റിപ്പോർട്ട്:

പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പുകളുടെ വിഷൻ 2031 സെമിനാർ 2025 ഒക്ടോബർ 17 ന് കാഞ്ഞങ്ങാട് പലേഡിയം കൺ വെൻഷൻ സെന്ററിൽ സംഘടിപ്പിച്ചു. കാഞ്ഞങ്ങാട് എം.എൽ.എ. ശ്രീ. ഇ. ചന്ദ്രശേഖരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ പുരാവസ്തു പുരാരേഖ മ്യൂസിയം രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി സെമിനാറിന്റെ ഉദ്ഘാടനം ശബ്ദ സന്ദേശത്തിലൂടെ നിർവ്വഹിച്ചു. തൃക്കരിപ്പൂർ എം.എൽ.എ. ശ്രീ. എം. രാജഗോപാലൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ബേബി ബാലകൃഷ്ണൻ, ജില്ലാ കലക്ടർ ശ്രീ കെ. ഇമ്പശേഖർ ഐ.എ.എസ്., കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സൺ ശ്രീമതി. കെ.വി. സുജാത എന്നിവർ സംസാരിച്ചു. സംഘാടകസമിതി ജനറൽ കൺവീനർ ശ്രീ ഇ. ദിനേശൻ സ്വാഗതവും മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ ശ്രീമതി പി.എസ്. മഞ്ജുളാ ദേവി നന്ദിയും പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തിനു ശേഷം 12 മണിക്ക് ആരംഭിച്ച സെഷനിൽ പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പുകളുടെ കഴിഞ്ഞ 9 വർഷക്കാലത്തെ നേട്ടങ്ങൾ, 'മികവിന്റെ 9 വർഷങ്ങൾ' എന്ന പേരിൽ പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പ് അഡീഷ ണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ ഐ.എ. എസും, തുടർന്ന് വിഷൻ 2031 രേഖ, പുരാവസ്തു പുരാരേഖ മ്യൂസിയം രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയ്ക്കു വേണ്ടി പുരാവസ്തു വകുപ്പ് ഡയറക്ടർ ശ്രീ. ഇ. ദിനേശനും അവതരിപ്പിച്ചു.

സെമിനാർ പ്രതിനിധികളെ പാനൽ ചർച്ചയ്ക്കായി 5 ഗ്രൂപ്പുകളായി ക്രമീകരിച്ചു. 2.15 ന് ആരംഭിച്ച പാനൽ ചർച്ച 3.30 വരെ തുടർന്നു. അതിനുശേഷം 5 ഗ്രൂപ്പുകളിലും ഉയർന്നുവന്ന നിർദേശങ്ങൾ ക്രോഡീകരിച്ച് പൊതുഅവതരണങ്ങളും നടന്നു. ഡോ. വി. സെൽവകുമാർ, ഡോ. മഞ്ജുളാ പൊയിൽ, പ്രൊഫ. പി. ശിവദാസൻ, ഡോ. ജെനി പീറ്റർ, ഡോ. എം.ടി. നാരായണൻ എന്നിവർ പാനൽ ചർച്ചയിലെ നിർദ്ദേശങ്ങൾ അവതരിപ്പിച്ചു. ഡോ. സി. ബാലൻ മോഡറേറ്ററായി. പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പുകളെ കൂടുതൽ ജനാധിപത്യപരമായി പുനസ്സംഘാടനം ചെയ്യുന്നതിനും ഡിജിറ്റൽ വിഭാഗം ഉൾപ്പെടെ രൂപീകരിച്ച് ആധുനികവൽക്കരിക്കുന്നതിനും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമുള്ള നിർദേശങ്ങളുൾപ്പെടെ വിഷൻ 2031 രേഖ സംബന്ധിച്ച് ഗൌരവതരമായ നിർദേശങ്ങൾ ചർച്ചയിൽ ഉയർന്നുവന്നു. കൂടാതെ കാസറഗോഡ് ജില്ലയിൽ ഈ വകുപ്പുകളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കണമെന്നും ജില്ലയിൽ മ്യൂസിയം സ്ഥാപിക്കണമെന്നുമുള്ള ആവശ്യവും മുന്നോട്ടുവെക്കപ്പെട്ടു. പുരാവസ്തു വകുപ്പ് ഡയറക്ടർ പൊതുഅവതരണത്തിലെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു. പുരാരേഖ വകുപ്പു ഡയറക്ടർ ഇൻ-ചാർജ്ജ്, ശ്രീമതി പാർവ്വതി എസ്. കൃതജ്ഞത രേഖപ്പെടുത്തി.

പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയ മേഖലകളിൽ അവഗാഹമുള്ള 50 ൽ അധികം അക്കാദമിക വിദഗ്ദ്ധരുൾപ്പെടെ അഞ്ഞൂറിലധികംപേർ സെമിനാറിൽ പങ്കെടുത്തു. കൂടാതെ ആസൂത്രണ ബോർഡ്, ഡിസാസ്റ്റർ മനേജ്മെന്റ്, ഫയർ ആന്റ് റെസ്ക്യൂ, രജിസ്ട്രേഷൻ, ഡിജിറ്റൽ സർവ്വകലാശാല, കേരള ലളിതകലാ അക്കാദമി, വാസ്തുവിദ്യാ ഗുരുകുലം, കെൽട്രോൺ തുടങ്ങി വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രതിനിധികളും സെമിനാറിൽ പങ്കാളികളായി. വിവിധ സർവകലാശാലകളിൽ നിന്നുള്ള ഗവേഷകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തവും ശ്രദ്ധേയമായി. പൊതുപ്രവർത്തകർ, സാമൂഹിക-സാംസ്കാരിക രംഗത്തുള്ളവർ എന്നിവരും സന്നിഹിതരായിരുന്നു. ആ നിലയിൽ

സമൂഹത്തിൽ ഈ വിഷയമേഖലകൾ കൈകാര്യം ചെയ്യുന്ന എല്ലാ വിഭാഗത്തിലും പെട്ടവരുടെ പ്രാതിനിധ്യം സെമിനാറിൽ ഉറപ്പുവരുത്താൻ കഴിഞ്ഞു. കൂടാതെ എത്തിച്ചേർന്ന പരമാവധി ആളുകൾക്കും അഭിപ്രായം രേഖപ്പെടുത്താൻ കഴിയും വിധമാണ് പാനൽ ചർച്ചകൾ ക്രമീകരിച്ചിരുന്നത്. സെമിനാറിനോട് അനുബന്ധിച്ച് കാസറഗോഡിന്റെ പൈതൃകത്തെയും വകുപ്പുകളുടെ ഒൻപതു വർഷത്തെ നേട്ടങ്ങളെയും ആസ്പദമാക്കിയുള്ള ഫോട്ടോപ്രദർശനവും സംഘടിപ്പിച്ചു.

**വിഷൻ 2031 – അന്തിമ രേഖ:**

പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പുകളുടെ ദീർഘകാല പ്രവർത്തനാനുഭവങ്ങളുടെയും ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളുടെയും വെളിച്ചത്തിൽ തയ്യാറാക്കിയതും വിഷൻ 2031 സെമിനാറിൽ അവതരിപ്പിച്ചതുമായ രേഖയിൽ നടന്ന വിപുലമായ ചർച്ചകളിലും സംവാദങ്ങളിലും പ്രസക്തമായ കാഴ്ചപ്പാടുകളും പ്രവർത്തന പദ്ധതികളുമാണ് മുന്നോട്ടുവെയ്ക്കപ്പെട്ടത്. സെമിനാറിൽ ഭൗതിക സാന്നിദ്ധ്യമാവാൻ കഴിയാതിരുന്നവരും തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുകയുണ്ടായി. അവ ക്രോഡീകരിച്ച് അന്തിമമായി തയ്യാറാക്കിയ വിഷൻ 2031 നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സമൂഹത്തെ ഒന്നിച്ചുനിർത്തുന്നതിനും ഭാവിതലമുറയെ വെളിച്ചത്തിലേക്ക് നയിക്കുന്നതിനും കഴിയുന്ന തരത്തിൽ പൂർവ്വസമൂഹങ്ങൾ അവശേഷിപ്പിച്ച വസ്തുസാക്ഷ്യങ്ങളെ കണ്ടെത്തുകയും അപഗ്രഥിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്ന പ്രാഥമിക കർത്തവ്യനിർവ്വഹണം ശാസ്ത്രീയവും വസ്തുനിഷ്ഠവുമാക്കും. ഇതിനായി കേരള ഭൂപ്രദേശത്ത് കൂടുതൽ പര്യവേക്ഷണ-ഉത്ഖനനങ്ങൾ നടത്തുന്നതിന് പദ്ധതി തയ്യാറാക്കുകയും അതിനായി ഒരു പ്രവർത്തന കലണ്ടറും മാർഗ്ഗരേഖയും ചിട്ടപ്പെടുത്തുകയും ചെയ്യും. ഫീൽഡ് ആർക്കിയോളജി വിഭാഗത്തിന്റെ ശാക്തീകരണവും ആധുനി കീകരണവും എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആധുനിക സാങ്കേ

തികവിദ്യ പ്രയോജനപ്പെടുത്തും. ഭൂവിനിയോഗത്തിന്റെ കാര്യത്തിൽ കേരളം അതിവേഗത്തിലുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ രക്ഷാർത്ഥമുള്ള ഉത്ഖനനവും ശാസ്ത്രീയമായ നീക്കം ചെയ്യലും സമയബന്ധിതമായി നിർവ്വഹിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തും.

2. വിശാലവും ചിന്താപരവും സർവ്വ സമൂഹങ്ങളെയും ഉൾക്കൊള്ളുന്നതുമായ (ഇൻക്ലൂസീവ്) വിധത്തിൽ പുരാതത്ത്വവിജ്ഞാനീയം എന്ന പഠനശാഖയെ മാറ്റിത്തീർക്കുകയും സാമൂഹ്യനീതിയും ലിംഗനീതിയും കാലാവസ്ഥാനീതിയും അഭിസംബോധന ചെയ്യുന്ന രീതിയിൽ ഈ ജ്ഞാനശാഖയുടെ അപകോളനീകരണവും ജനാധിപത്യവല്ക്കരണവും സാധ്യമാക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനപദ്ധതി രൂപീകരിച്ചു നടപ്പിലാക്കും.

3. ചെറുസംസ്കാരങ്ങളെന്ന് മുദ്രകുത്തി അരികിലേക്ക് മാറ്റിനിർത്തപ്പെട്ട വംശീയ പാരമ്പര്യങ്ങളുൾപ്പെടെയുള്ള സംസ്കാരിക വിശേഷങ്ങൾ കണ്ടെത്തുന്നതിനും അവയുടെ പഠനവും സംരക്ഷണവും നിർവ്വഹിക്കുന്നതിനും ഗോത്രസമൂഹങ്ങളുടെ പങ്കാളിത്തത്തോടെയുള്ള പദ്ധതി തയ്യാറാക്കി നടപ്പി ലാക്കും.

4. മാറുന്ന സാമൂഹ്യാവസ്ഥകൾക്കും ദേശീയ അന്തർദ്ദേശീയ കരാറുകൾക്കുമനുസൃതമായി സാംസ്കാരിക സ്വത്തുക്കളുടെ നൈതികവും നിയമപരവുമായ സംരക്ഷണത്തിനായി പുതിയ നിയമങ്ങൾ/നയങ്ങൾ കൊണ്ടുവരികയും നിലവിലുള്ള നിയമങ്ങളെ/നയങ്ങളെ കാലികമായി പരിഷ്കരിക്കുകയും ചെയ്യും. പൈതൃകസംരക്ഷണം വികസനത്തിന്റെ എതിർപക്ഷത്താകുന്ന സമകാലിക സന്ദർഭത്തിൽ വികസനവും പൈതൃകസംരക്ഷണവും ഒന്നിച്ചു കൊണ്ടുപോകാനുള്ള നയസമീപനങ്ങൾ രൂപീകരിക്കും.

5. സംരക്ഷിക്കപ്പെടേണ്ട ധാരാളം സ്മാരകങ്ങൾ പല ഇടങ്ങളിലായി ഏറെയുണ്ട്. പക്ഷേ അവയെല്ലാം 1968 ലെ കേരള

പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിക്കുന്നതിന് യോഗ്യമായവ ആകണമെന്നില്ല. എന്നാൽ അവയ്ക്ക് ചരിത്രപരവും പ്രാദേശികവുമായ പ്രത്യേകതകളോ പൈതൃക സംബന്ധിയായ സവിശേഷതകളോ ഉണ്ടായിരിക്കുകയും ചെയ്യും. നിലവിൽ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ ഈ മേഖലയിൽ നിർവ്വഹിക്കുന്ന ചുമതലകൾ വിപുലപ്പെടുത്താൻ കഴിയുമോ എന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഇത്തരം പ്രവർത്തനങ്ങളെ സംയോജിപ്പിക്കാൻ കഴിയുമോ എന്നും ഇത്തരത്തിൽപ്പെട്ട സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക നയരൂപീകരണം ആവശ്യമുണ്ടോ എന്നും പരിശോധിക്കും.

6. അതിവേഗത്തിലുള്ള കാലാവസ്ഥാ വ്യതിയാനം പുരാവശേഷിപ്പുകളെയും സ്മാരകങ്ങളെയും പുരാരേഖകളെയും പല മട്ടിൽ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കാലാവസ്ഥാ മാറ്റത്തെ ശാസ്ത്രീയമായി അപഗ്രഥിക്കുകയും അതിന്റെ വെളിച്ചത്തിൽ കേരളത്തിലെ പൈതൃകസംരക്ഷണത്തിന് ഒരു നയരേഖ തയ്യാറാക്കുകയും ചെയ്യും.

7. നിർമ്മിതി സംരക്ഷണം, രാസസംരക്ഷണം എന്നിവയ്ക്ക് പിന്തുടരുന്ന മാർഗ്ഗരേഖകളിൽ മിക്കതും കേരളപരിസരത്തുനിന്നും രൂപപ്പെട്ടവയല്ല. ആയതിനാൽ സാംസ്കാരിക സ്വത്തുക്കളുടെ സ്വഭാവമനുസരിച്ച് കേരളത്തിലെ പുരാതത്ത്വസംരക്ഷണത്തിനും പുരാരേഖാ സംരക്ഷണത്തിനും ശാസ്ത്രീയവും സമഗ്രവുമായ കൺസർവേഷൻ പോളിസിയും മാന്വലും തയ്യാറാക്കും. പൈതൃക വസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണത്തിലുള്ള അശാസ്ത്രീയത നിരുത്സാഹപ്പെടുത്തുന്നതിനും ശാസ്ത്രീയ സംരക്ഷണ രീതികളെക്കുറിച്ച് അവബോധം വളർത്തുന്നതിനും നടപടികൾ സ്വീകരിക്കും.

8. പുരാവശേഷിപ്പുകൾ, പുരാരേഖകൾ, ഇതര പൈതൃക വസ്തുക്കൾ എന്നിവയുടെ രാസസംരക്ഷണം ഭാവിയിൽ വളരെ

പ്രധാനപ്പെട്ട ഘടകമായി മാറുമെന്നാണ് കാലാവസ്ഥാ വ്യതിയാനത്തിന്റെ വർത്തമാനകാല യാഥാർത്ഥ്യങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ ഇത്തരം സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ കഴിയും വിധം നമ്മുടെ രാസസംരക്ഷണ വിഭാഗങ്ങളെ സജ്ജമാക്കും. ഇതിനായി മ്യൂസിയം വകുപ്പിൽ പ്രവർത്തിച്ചുവരുന്ന കൺസർവേഷൻ ലബോറട്ടറിയെ പൈതൃകവസ്തുക്കളുടെ സംരക്ഷണത്തിനുള്ള പരിശീലനകേന്ദ്രമായിക്കൂടി വികസിപ്പിക്കും. ഒപ്പംതന്നെ പുരാവസ്തു, പുരാരേഖ വകുപ്പുകളിലെ കൺസർവേഷൻ വിഭാഗങ്ങളെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും ആധുനികമായ ഉപകരണങ്ങളും സങ്കേതങ്ങളും ലഭ്യമാക്കിയും ആധുനികവൽക്കരിക്കും. ആധുനിക രാസസംരക്ഷണ രീതികൾക്കൊപ്പം പരമ്പരാഗതമായി ഉപയോഗിച്ചുവന്നിരുന്നതും നിലവിൽ പ്രചാരത്തിലില്ലാത്തതുമായ രീതികൾ കൂടി രാസസംരക്ഷണ പ്രക്രിയയ്ക്കായി പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കും.

9. പുരാരേഖ വകുപ്പിന്റെ സൂക്ഷിപ്പിലുള്ള രേഖകളുടെ വൈപുല്യവും വൈവിധ്യവും പരിഗണിച്ചുകൊണ്ട്, ഏറ്റവും ഫലപ്രദമായ തിരിച്ചെടുക്കൽ സംവിധാനത്തോടെ (Retreiving System), ഡിജിറ്റൽ ആർക്കൈവ് രൂപീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കും. ഇതിനായി ആർക്കൈവൽ സയൻസ്, ഡിജിറ്റൽ ആർക്കൈവിങ്ങ്, ഡോക്യുമെന്റേഷൻ എന്നീ മേഖലകളിൽ പ്രാവീണ്യമുള്ള വിദഗ്ദ്ധരുടെ ഒരു സമിതി രൂപീകരിക്കും. ഡിജിറ്റൽ ആർക്കൈവ്സ് തയ്യാറാക്കുന്നതിനും അതിന്റെ നടത്തിപ്പിനും കൃത്യമായ മാർഗരേഖ തയ്യാറാക്കും. വിവരസാങ്കേതിക വിദ്യയിലും ഡിജിറ്റൽ ആർക്കൈവിങ്ങിലും വൈദഗ്ധ്യമുള്ളവരുടെ സേവനം പ്രയോജനപ്പെടുത്തി, വകുപ്പുതലത്തിൽ പ്രത്യേക ഡിജിറ്റൽ സാങ്കേതിക വിഭാഗം സ്ഥാപിക്കുകയും, അതുവഴി ഡിജിറ്റൽ ആർക്കൈവിങ്ങ് ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യും.

10. കേരളത്തിന്റെ സാമൂഹിക ചരിത്ര പഠനത്തിനും ഗവേഷണ ത്തിനും സഹായകരമാകുന്നവിധത്തിൽ വാമൊഴി വഴക്കങ്ങ ളുടെയും വാമൊഴി ചരിത്രത്തിന്റെയും ആർക്കൈവ് രൂപീകരി ക്കുന്നതിന് മാർഗനിർദേശങ്ങൾ തയ്യാറാക്കുകയും പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും ചെയ്യും.

11. പുരാലിഖിത പഠനം ഒരു സവിശേഷ ജ്ഞാനമേഖലയാണ്. സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ പഴയ ലിപികൾ വായിക്കാൻ കഴിയുമോ എന്ന പരീക്ഷണം പലരും നടത്തിവരു ന്നുണ്ട്. പുരാരേഖകളിൽ രേഖപ്പെട്ടു കിടക്കുന്ന ചരിത്രം വായിച്ചെടുക്കാൻ ഇത്തരം സാങ്കേതിക വിദ്യകൾ ഉപയോഗ പ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കുകയും ഈ ദിശ യിൽ തയ്യാറാക്കപ്പെട്ട വിവിധതരം സോഫ്റ്റ് വെയറുകളുടെ മാതൃകയിൽ പുതിയവ നിർമ്മിക്കുന്നതിനുള്ള സാധ്യത ആരാ യുകയും ചെയ്യും.

12. പര്യവേക്ഷണം, ഉത്ഖനനം ഉൾപ്പെടെയുള്ള ഫീൽഡ് പ്രവർ ത്തനങ്ങളുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾക്കു പുറമെ സ്ഥല ങ്ങളുടെയും സ്ഥാനങ്ങളുടെയും ചരിത്രപരവും പുരാതത്വപര വുമായ വിവരശേഖരം തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കും.

13. പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പുകളുടെ പ്രവർത്തന ങ്ങളിൽ പഠന ഗവേഷണ വിഭാഗങ്ങൾക്ക് നിർണ്ണായകമായ പങ്കുണ്ട്. പഠന ഗവേഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കു കയും മികവുറ്റതാക്കുകയും, വകുപ്പുകളുടെ അക്കാദമികവും സാങ്കേതികവുമായ പ്രവർത്തനങ്ങളിൽ മറ്റ് അക്കാദമിക-ഗവേഷണ സ്ഥാപനങ്ങളെ സഹകരിപ്പിക്കുകയും ചെയ്യേണ്ട തുണ്ട്. അത്തരത്തിൽ സമാന സ്വഭാവമുള്ള സ്ഥാപനങ്ങളു മായി ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒരുക്കും.

14. സർവ്വകലാശാലാ പാഠ്യപദ്ധതികളിൽ സമീപകാലത്തുവന്ന പരിഷ്കരണങ്ങൾകൂടി പരിഗണിച്ചുകൊണ്ട്, വിവിധ വൈ

ജ്ഞാനിക മേഖലകളിൽ പഠനഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് അനുവദിക്കുന്നതിനു മാർഗ്ഗരേഖ തയ്യാറാക്കി നടപ്പിലാക്കുകയും അവരുടെ അറിവും വൈദഗ്ദ്ധ്യവും വകുപ്പുകളുടെ പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനു പദ്ധതി തയ്യാറാക്കുകയും ചെയ്യും.

15. കേരളത്തിലെ പൊതുരേഖകളുടെ ഭരണനിർവ്വഹണവും സംരക്ഷണവും ലക്ഷ്യമാക്കി സമഗ്രമായ ഒരു പൊതുരേഖാ ബിൽ നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ഈ ബിൽ നിയമമാകുന്നതോടെ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്ന പൊതുരേഖകളുടെ സംരക്ഷണത്തിന് അടിസ്ഥാനപരമായ ദിശാബോധവും നിയമപരമായ പിൻബലവും കൈവരും. ഏറ്റവും അടിത്തട്ടിലുള്ള ഓഫീസുകൾ മുതൽ വകുപ്പു തലവന്മാരുടെ കാര്യാലയങ്ങളും സെക്രട്ടറിയേറ്റും വരെയുള്ള ഓഫീസുകളിലെ പൊതു രേഖകൾ സംരക്ഷിക്കുന്നതിനുള്ള ക്രമീകരിക്കപ്പെട്ട ഒരു സംവിധാനം ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് ഫലപ്രദമായി നടപ്പിലാക്കി സംസ്ഥാനത്തെ പുരാരേഖ സംരക്ഷണത്തെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കും.

16. ബഹുതല ഇന്ദ്രിയാനുഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള മ്യൂസിയങ്ങൾ, സൈറ്റ് മ്യൂസിയങ്ങൾ, ഇന്ററാക്ടീവ് മ്യൂസിയങ്ങൾ, ആക്റ്റിവിറ്റി ഓറിയന്റഡ് മ്യൂസിയങ്ങൾ എന്നിങ്ങനെ മ്യൂസിയം മേഖലകളിൽ വകുപ്പുകൾ നടപ്പിലാക്കിവരുന്ന വൈവിധ്യമാർന്ന മ്യൂസിയം മാതൃകകൾ തുടരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

17. മ്യൂസിയങ്ങളുടെ ആധുനികീകരണം പുനസ്സജ്ജീകരണവും നടക്കേണ്ടത് അവ ജനാധിപത്യവല്ക്കരിച്ചുകൊണ്ടാവണം. പൌരബോധത്തിന്റെയും അനുസരണയുടെയും പാഠശാല എന്നതിൽനിന്ന് ജ്ഞാനത്തിന്റെ പുതുലോകം തുറക്കുന്ന പഠനകേന്ദ്രങ്ങളായി അവ പരിവർത്തിപ്പിക്കേണ്ടതുണ്ട്. കേവ

ലം കാഴ്ചശാലകളിൽനിന്ന് ബഹുതല ഇന്ദ്രിയ സംവേദനത്വം സാധ്യമാകുന്ന രീതിയിൽ പ്രദർശനങ്ങളെ മാറ്റിത്തീർക്കുകയും വിവിധ സമൂഹങ്ങളെ പങ്കാളികളാക്കിക്കൊണ്ടുള്ള കർമ്മപദ്ധതികൾ രൂപീകരിക്കുകയും ചെയ്യുന്നത് മുഖ്യപരിഗണനാവിഷയമായി സ്വീകരിക്കുന്നതാണ്.

18. ഭിന്നശേഷിക്കാർ, വയോജനങ്ങൾ തുടങ്ങി മ്യൂസിയത്തിൽ ഭൗതിക സാന്നിദ്ധ്യമാകാൻ കഴിയാത്തവർക്ക് മ്യൂസിയാനുഭവത്തിനായുള്ള സമഗ്രപദ്ധതി തയ്യാറാക്കും. ഒപ്പംതന്നെ മ്യൂസിയങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും വിവിധ വിഭാഗം ജനങ്ങളുമായി സംവദിക്കുന്ന കേന്ദ്രങ്ങളായി മ്യൂസിയങ്ങളെ മാറ്റുകയും ചെയ്യും.

19. കേന്ദ്രീകൃതവും ഏകമുഖവുമായ സാംസ്കാരികമണ്ഡലം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളെ പ്രതിരോധിക്കുന്നതിന് പ്രാദേശിക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കും. പ്രാദേശികതയുടെ ഉയിർപ്പിലൂടെ ബഹുസ്വരവും വൈവിധ്യപൂർണവുമായ സാംസ്കാരിക സ്വത്വങ്ങളുടെ നിലനില്പ് ഉറപ്പുവരുത്തുകയും കലാ സാംസ്കാരിക പൈതൃകങ്ങളുടെ തനതു പരിസരങ്ങളുമായി മ്യൂസിയങ്ങളെ ബന്ധിപ്പിക്കുകയും ചെയ്യും. പ്രാദേശിക പങ്കാളിത്തത്തോടുകൂടി ഗൈഡഡ് ടൂറുകൾ, പൈതൃക സർക്യൂട്ടുകൾ തുടങ്ങിയ പദ്ധതികൾ ഇതിനായി ആവിഷ്കരിക്കും.

20. മ്യൂസിയങ്ങൾ, സ്മാരകങ്ങൾ, പൈതൃക ശേഖരങ്ങൾ എന്നിവയുടെ പ്രാധാന്യം പൊതുജനങ്ങളിലെത്തിക്കുന്നതിന് വിവരസാങ്കേതിക വിദ്യയുടെ സഹായം കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ഔട്ട് റീച്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കും.

21. പൈതൃക സംരക്ഷണവുമായി ബന്ധപ്പെട്ട് പൈതൃക സർക്യൂട്ടുകൾ രൂപീകരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുകയും

സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഈ മേഖലയിലെ ഇതര വകുപ്പുകളുമായി ചേർന്ന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കാനുള്ള സാധ്യത പരിശോധിക്കുകയും ചെയ്യും.

22. ബൃഹദ് ചരിത്രത്തിൽ നിന്ന് സൂക്ഷ്മ ചരിത്രത്തിലേക്കുള്ള മാറ്റം പ്രാദേശികമായി ലഭ്യമായ പുരാരേഖകൾ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം പതിന്മടങ്ങ് വർദ്ധിപ്പിച്ചിരിക്കുന്നു. പ്രാദേശികമായി ലഭ്യമാകുന്ന പുരാരേഖകൾ സംരക്ഷിക്കുന്നതിനായി പ്രാദേശിക-ജില്ലാ ആർക്കൈവൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്ന കാഴ്ചപ്പാട് തുടരുകയും വിപുലപ്പെടുത്തുകയും ചെയ്യും.

23. സ്വകാര്യശേഖരത്തിലുള്ള രേഖകൾ സംരക്ഷിക്കുന്നതിനും പൊതുശേഖരത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനുമായി നിലവിൽ ആരംഭിച്ചിട്ടുള്ള കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി വിപുലപ്പെടുത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കും.

24. ഭാവിയിൽ കേവലം സർക്കാർ ധനസഹായത്തിൽ മാത്രം തുടരാൻ മ്യൂസിയങ്ങൾക്ക് കഴിയുകയില്ല. ചില മേഖലകളിൽ പൊതു-സ്വകാര്യ പങ്കാളിത്തം ആവശ്യമായി വന്നേക്കും. ധനാർജ്ജനത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കി 2031 ഓടെ മ്യൂസിയങ്ങളെ സ്വയം പര്യാപ്തമാക്കിത്തീർക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തും.

25. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഈ വകുപ്പുകൾക്കു കീഴിൽ വൈവിധ്യമാർന്ന ധാരാളം മ്യൂസിയങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതര വകുപ്പുകളും സ്ഥാപനങ്ങളും വ്യക്തികളും ഉൾപ്പെടെ കേരളത്തിൽ മ്യൂസിയം സ്ഥാപിച്ച് നടത്തിവരുന്നുമുണ്ട്. അതുകൊണ്ട് തന്നെ മ്യൂസിയം മേഖലയെ സവിശേഷമായി പരിഗണിച്ച് പരിശോധിക്കുന്നതിനും മാർഗനിർദേശങ്ങൾ നൽകുന്നതിനും ഒരു മ്യൂസിയം കമ്മീഷനെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. മ്യൂസിയം കമ്മീഷന്റെ മേൽനോട്ടത്തിൽ കേരളത്തിനായി ഒരു മ്യൂസിയം നയം തയ്യാറാക്കുന്നതാണ്.

26. വിവര സാങ്കേതിക വിദ്യയിലും ഡിജിറ്റൽ മേഖലകളിലും വൈദഗ്ധ്യമുള്ള വ്യക്തികളെയും സ്ഥാപനങ്ങളെയും സഹകരിപ്പിച്ചുകൊണ്ട് ഓരോ വകുപ്പിലും പ്രത്യേക സാങ്കേതിക വിഭാഗം രൂപീകരിച്ച് അതുവഴി അക്കാദമിക പ്രവർത്തനങ്ങളും ഡിജിറ്റൽ പരിവർത്തനത്തിന് വിധേയമാക്കേണ്ടതുണ്ട്. രേഖകളും പഠനറിപ്പോർട്ടുകളും ഡിജിറ്റൽ രൂപത്തിൽ പഠിതാക്കൾക്ക് ലഭ്യമാകുന്നതിന് ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും.

27. ഈ വകുപ്പുകൾ നിർവ്വഹിക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിനായി നിലവിലുള്ള പ്രസിദ്ധീകരണ വിഭാഗത്തെ ശക്തിപ്പെടുത്തും.

28. പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പുകളിലെ വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട് ആരംഭിച്ച ഡിജിറ്റൽ പണമിടപാട് നടപടികൾ സാധ്യമായ മേഖലകളിലെല്ലാം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കും.

29. പരിമിതമായ ഭൌതിക സാഹചര്യങ്ങളിലാണ് വകുപ്പുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പുരാവസ്തു വകുപ്പിന്റെ അധ്യക്ഷ കാര്യാലയത്തിനും പുരാരേഖ വകുപ്പിന്റെ മേഖലാ കാര്യാലയങ്ങൾക്കും സ്വന്തമായി കെട്ടിടങ്ങളില്ല. ഇവ കേലവം ഓഫീസ് കെട്ടിടങ്ങൾ മാത്രമല്ല, അമൂല്യമായ പുരാവസ്തുക്കളും പുരാരേഖകളും സൂക്ഷിക്കുന്ന ഇടങ്ങൾ കൂടിയാണ്. പുരാവസ്തു വകുപ്പിനായി ആധുനിക സൌകര്യങ്ങളോടെയുള്ള ലാബ്, ലൈബ്രറി, റിസർച്ച് ഹാൾ, സ്ട്രോങ്ങ് റൂമുകൾ എന്നിവ ഉൾക്കൊള്ളുന്ന ആസ്ഥാനമന്ദിരം ഉണ്ടാകേണ്ടത് അനിവാര്യമാണ്. അതേ മട്ടിൽ പുരാരേഖകൾ സൂക്ഷിക്കുന്നതിന്, ചൂട്, ഈർപ്പം, തീപിടിത്ത സാധ്യതകൾ എന്നിവ നിരന്തരമായി നിരീക്ഷിക്കാൻ കഴിയുന്ന സ്മാർട്ട് ഓട്ടോമേഷൻ സാങ്കേതികവിദ്യയോടുകൂടിയ, സ്മാർട്ട് ആർ

ക്കൈവൽ ബിൽഡിംഗുകൾ ഉണ്ടാകേണ്ടതും അത്യാവശ്യമാണ്. ഇത്തരത്തിലുള്ള അടിസ്ഥാന ഭൗതിക സൌകര്യങ്ങൾ ഒരുക്കുന്നതിന് മുൻഗണന നൽകി നടപടി സ്വീകരി ക്കും.

30. മനുഷ്യവിഭവശേഷിയുടെ കുറവ് വകുപ്പുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. സ്ഥാപനങ്ങളുടെ എണ്ണവും ചെയ്തുതീർക്കേണ്ട പ്രവൃത്തികളുടെ അളവും ഉത്തരവാദിത്തങ്ങളും വർദ്ധിക്കുമ്പോഴും അതിന് അനുസൃതമായ വിധത്തിൽ മനുഷ്യവിഭവശേഷി വർദ്ധിക്കുന്നില്ല. ഇത് സമയബന്ധിതമായി ഉത്തരവാദിത്തങ്ങൾ പൂർത്തീകരിക്കുന്നതിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും തടസ്സമായിത്തീരുന്നുണ്ട്. കാലികമായ അവലോകനം നടത്തി ഇത്തരത്തിലുള്ള പരിമിതകൾ പരിഹരിക്കുന്നതിന് ആവശ്യമായ മനുഷ്യവിഭവശേഷി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും.

31. പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിന് പ്രാപ്തമാക്കുന്നതിനുമായി വകുപ്പുകളുടെ പ്രവർത്തനങ്ങൾ വികേന്ദ്രീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

32. വൈജ്ഞാനിക മേഖലകൾ സൂക്ഷ്മതലത്തിൽ വിപുലപ്പെടുകയും അതിനനുസൃതമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ പുരാതത്ത്വപഠനം, മ്യൂസിയം പഠനം, കൺസർവേഷൻ, പുരാരേഖാ പഠനം, പൈതൃകപഠനം, സംസ്കാരപഠനം എന്നിവ ഉൾപ്പെടുത്തി പാഠ്യപദ്ധതികൾ വിപുലപ്പെടുത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കി വിദ്യാഭ്യാസവകുപ്പിന് സമർപ്പിക്കുന്നതാണ്. ഒപ്പം പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പുകളുടെ പ്രവർത്തനത്തെ ശാക്തീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ ഈ മേഖലകളുമായി ബന്ധപ്പെട്ട് സവിശേഷ അവഗാഹം നേടിയവരുടെ

സേവനം പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമാകുന്ന പക്ഷം വിശേഷാൽ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിനു നടപടി സ്വീകരിക്കും.

33. പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പുകൾ അക്കാദമിക സ്വഭാവമുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നവയാണ്. ഭരണപരമായ മേഖലയിൽ ഉണ്ടാകേണ്ട പരിഷ്കാരങ്ങൾ, വേഗത എന്നിവ ഉണ്ടായില്ലെങ്കിൽ അത് സാങ്കേതിക, അക്കാദമിക പ്രവർത്തനത്തെയും സാരമായി ബാധിക്കും. മൂന്നു വകുപ്പുകളും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറിയിട്ടുണ്ട് എന്നത് വസ്തുതയാണെങ്കിലും ഭരണനിർവ്വഹണത്തിൽ സ്വീകരിക്കപ്പെടുന്ന പുതിയതരം സാങ്കേതിക വിദ്യകളെ വേഗത്തിലും കൃത്യമായും പിന്തുടരാൻ കഴിയാത്തതിന്റെ പോരായ്മകൾ നിലനിൽക്കുന്നു. അതിനാൽ ഭരണവിഭാഗത്തെ വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഭരണനിർവ്വഹണത്തിന് പൂർണ്ണമായും പ്രാപ്തമാക്കും.

വിഷൻ 2031 സെമിനാറിന്റെ റിപ്പോർട്ടും അന്തിമരേഖയും പരിഗണനയ്ക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു.

**രാമചന്ദ്രൻ കടന്നപ്പള്ളി**
പുരാവസ്തു പുരാരേഖ മ്യൂസിയം
രജിസ്ട്രേഷൻ വകുപ്പു മന്ത്രി




വിഷൻ 2031 സെമിനാർ ഉദ്ഘാടനം




അദ്ധ്യക്ഷ പ്രസംഗം







ഭദ്രദീപം കൊളുത്തൽ










ഉദ്ഘാടന സമ്മേളനം



'മികവിന്റെ 9 വർഷങ്ങൾ'
അഡീ. ചീഫ് സെക്രട്ടറി
അവതരിപ്പിക്കുന്നു





വിഷൻ 2031 രേഖ
പുരാവസ്തുവകുപ്പ് ഡയറക്ടർ
അവതരിപ്പിക്കുന്നു









പാനൽ ചർച്ച







പാനൽ ചർച്ച





പാനൽ ചർച്ച











പാനൽ ചർച്ച





പാനൽ ചർച്ച





പാനൽ ചർച്ച








പൊതു അവതരണം





പൊതു അവതരണം









പ്രദർശനം



സൗഹൃദ നിമിഷങ്ങൾ







സമാപനം